**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1988** **12-09-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് ഏത് കമ്പനിക്കാണ് വാടക/ ലീസ് ഇനത്തിൽ നൽകിയിരിക്കുന്നത് ; പ്രതിമാസം എത്ര രൂപയ്ക്ക് എത്ര കാലത്തേക്ക് എന്നും വ്യക്തമാക്കാമോ ; | (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ് M/s. ആലിഫ് ബിൽഡേഴ്സിനാണ് 30 വർഷത്തേയ്ക്ക് ലീസ് ഇനത്തിൽ നല്കിയിരിക്കുന്നത്. പ്രതിമാസം ചതുരശ്ര അടിയ്ക്ക് 30 രൂപ നിരക്കിൽ ഒരു മാസത്തേക്ക് 43,20,000/- രൂപയാണ് അംഗീകരിച്ച വാടക. |
| (ബി) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന് ഒരു സ്ക്വയർ ഫീറ്റിന് എത്ര രൂപ വാടകയാണ് പ്രതിമാസം ഈടാക്കുന്നത് ; | (ബി) | ഒരു ചതുരശ്ര അടിയ്ക്ക് പ്രതിമാസം 30 രൂപ നിരക്കിൽ ഒരു മാസത്തേയ്ക്ക് 43,20,000/- രൂപയാണ് അംഗീകരിച്ച വാടക. |
| (സി) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക്/ ലീസിന് നൽകിയത് ടെൻഡർ ക്ഷണിച്ചാണോ; എങ്കിൽ ടെൻഡറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് കെട്ടിടം കെ.റ്റി.ഡി.എഫ്.സി. 2015 മുതൽ നാല് പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 25.03.2015-ൽ ഒന്നാം ടെണ്ടറിൽ ഓഫർ തുക എഴുതാത്ത ടെണ്ടറാണ് ലഭിച്ചത്. ആയതിനാൽ രണ്ടാം ടെൻണ്ടർ 03.07.2015-ൽ വിളിച്ചു. രണ്ടാം ടെണ്ടറിലും ഓഫർ തുക എഴുതാത്ത ടെൻണ്ടർ ആണ് ലഭിച്ചത്. മൂന്നാം പ്രാവശ്യം 18.09.2015-ൽ ടെണ്ടർ വിളിച്ചു. പക്ഷേ മൂന്നാം ടെണ്ടറിൽ തിരിച്ചടയ്ക്കേണ്ടാത്ത 50 കോടി രൂപയും മാസവാടകയായ 50 ലക്ഷം രൂപയും ക്വോട്ട് ചെയ്തു. പക്ഷേ ടെണ്ടർ അന്തിമമാകുന്നതിന് മുൻപ് നിയമ തടസ്സങ്ങളുണ്ടായി. നിയമതടസ്സം നീങ്ങാൻ കാല താമാസമുണ്ടായപ്പോൾ ഏറ്റവും അധികം ക്വോട്ട് ചെയ്ത കരാറുകാരൻ പിൻമാറുകയായിരുന്നു. നാലാം ടെണ്ടറിന്റെ ഇ-ടെണ്ടർ വിജ്ഞാപനം 2018 സെപ്റ്റംബർ 19-ൽ വിജ്ഞാപനം ചെയ്തതാണ്. ഈ ടെണ്ടറിൽ ഏറ്റവും ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത M/s. ആലിഫ് ബിൽഡേഴ്സിന് തിരിച്ചുനൽകേണ്ടാത്ത 17 കോടി രൂപ upfront amount-ലും 43,20,000/- രൂപ പ്രതിമാസ വാടകയിലുമാണ് കോംപ്ലക്സ് ലീസിനു നൽകിയത്. |
| (ഡി) | ഏതൊക്കെ ഉദ്യോഗസ്ഥരാണ് കോഴിക്കോട് | (ഡി) | ഡോ. ബി. അശോക്, ഐ.എ.എസ്, ചെയർമാൻ & |

| | | | | |
|---|---|---|---|---|
| | കെഎസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക്/ ലീസിന് നൽകിയ കരാറിൽ ഉൾപ്പെട്ടിരിക്കുന്നത്; വിശദമാക്കാമോ? | | | മാനേജിംഗ് ഡയറകടർ, കെ.റ്റി.ഡി.എഫ്.സി, കെ.റ്റി.ഡി.എഫ്.സി.യെ പ്രതിനിധീകരിച്ചും ശ്രീ. ബിജു പ്രഭാകർ, ഐ.എ.എസ്. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കെ.എസ്.ആർ.ടി.സി, കെ.എസ്.ആർ.ടി.സി.യെ പ്രതിനിധീകരിച്ചും M/s. ആലിഫ് ബിൽഡേഴ്സ്-ന്റെ മാനേജിംഗ് പാർട്നർ ശ്രീ. അബ്ദുൽ കലാം കെ. എന്നിവരാണ് വാടക കരാർ ഒപ്പിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ